(തുക രൂപ കോടിയിൽ)

| വർഷം | കേരള സംസ്ഥാന സഹകരണ ബാങ്ക് മുഖേന | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് മുഖേന | | ആകെ |
|---|---|---|---|---|
| | ഹ്രസ്വകാല കാർഷിക വായ്പ | ഹ്രസ്വകാല കാർഷിക വായ്പ | ദീർഘകാല കാർഷിക വായ്പ | |
| 2006-07 | 264.19 | 62.70 | 95.76 | 422.65 |
| 2007-08 | 545.00 | 55.48 | 85.53 | 686.01 |
| 2008-09 | 113.00 | 45.51 | 290.15 | 448.66 |
| 2009-10 | ... | 74.87 | 177.91 | 252.78 |
| 2010-11 | ... | 44.41 | 215.87 | 260.28 |
| ആകെ | 922.19 | 282.97 | 865.22 | 2070.38 |

**സഹകരണ സംഘങ്ങളിലെ ഗഹാൻ സമ്പ്രദായം**

12 (975) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം ക്ലാസിഫിക്കേഷനുള്ള സഹകരണ സംഘങ്ങൾക്കാണ് നിലവിൽ 'ഗഹാൻ' സമ്പ്രദായം ചെയ്യുന്നതിന് അനുമതി നൽകിയതെന്ന വിശദാംശം ലഭ്യമാക്കുമോ ;

(ബി) മിസലേനിയസ് ക്ലാസിഫിക്കേഷനുള്ള സഹകരണ സംഘങ്ങൾക്ക് 'ഗഹാൻ' സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ ഇത്തരം സംഘങ്ങൾക്ക് 'ഗഹാൻ' സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘം, പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘം, അർബൻ സഹകരണ ബാങ്ക്, വായ്പാ ഇടപാട് നടത്തുന്ന ഏതൊരു പ്രാഥമിക സഹകരണ സംഘം എന്നീ വിഭാഗത്തിൽപ്പെട്ട സഹകരണ സംഘങ്ങൾക്കാണ് ഗഹാൻ പദ്ധതി ഇപ്പോൾ ബാധകമാക്കിയിട്ടുള്ളത്.

(ബി&സി) എല്ലാ മിസലേനിയസ് സഹകരണ സംഘങ്ങളും വായ്പാ ഇടപാട് നടത്തുന്നില്ല. എന്നാൽ വായ്പാ ഇടപാട് നടത്തുന്ന മിസലേനിയസ് സഹകരണ സംഘങ്ങൾക്ക് 'ഗഹാൻ' സൗകര്യം നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly